# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1549 — 18/06/2012 ലെ മറുപടിക്ക്

<u>ഐ.എ.എസ് ലഭിച്ച സർക്കാർ ജീവനക്കാർ</u>

| ചോദ്യം: ശ്രീ.എ.എ.അസീസ് | | ഉത്തരം : ശ്രീ ഉമ്മൻ ചാണ്ടി ( മുഖ്യമന്ത്രി) |
|---|---|---|
| (എ) 2010 മുതൽ സംസ്ഥാനത്തെ എത്ര ഉദ്യോഗസ്ഥർക്ക് ഐ.എ.എസ് കൺഫർ ചെയ്തിട്ടുണ്ട്; | (എ) യും (ബി) യും | 2010 സെലക്ഷൻ ഇയർ മുതൽ ആർക്കും ഐ.എ.എസ് കൺഫർ ചെയ്തിട്ടില്ല |
| (ബി) ഇവർ ആരൊക്കെയാണെന്നും അവരുടെ മാതൃവകുപ്പ് ഏതായിരുന്നുവെന്നും പറയാമോ ; | | |
| (സി) സർക്കാർ ജീവനക്കാർക്ക് ഐ.എ.എസ് കൺഫർ ചെയ്യുവാനുള്ള മാനദണ്ഡം വിശദമാക്കുമോ ? | (സി) | ഇൻഡ്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ചട്ടങ്ങൾ പ്രകാരം സർക്കാർ ജീവനക്കാർക്ക് രണ്ടു വിധത്തിലാണ് ഐ.എ.എസ് കൺഫർ ചെയ്യുന്നതിനുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുവാൻ നിലവിൽ പരിഗണിക്കുന്നത്- സെലക്ഷൻ വഴിയും പ്രൊമോഷൻ വഴിയും. **<u>പ്രൊമോഷൻ</u>** വഴി ഐ.എ എസ് ലഭിക്കുന്നതിനുള്ള പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് ഉദ്യോഗസ്ഥൻ സംസ്ഥാന സിവിൽ സർവ്വീസിലെ അംഗമായിരിക്കണം. ഉദ്യോഗസ്ഥന് ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ 8 വർഷത്തിൽ കുറയാത്ത തുടർസേവനം ഉണ്ടായിരിക്കണം. |

**സെലക്ഷൻ** വഴി ഐ.എ.എസ്
ലഭിക്കുന്നതിനുള്ള പട്ടികയിൽ ഉൾപ്പെടുന്നതിന്
ഉദ്യോഗസ്ഥൻ സംസ്ഥാന സിവിൽ സർവ്വീസിലെ
അംഗമാകരുത്. എന്നാൽ സംസ്ഥാന
സർക്കാർ കാര്യങ്ങളുമായി ബന്ധപ്പെട്ട സേവനം
നൽകുന്ന പ്രഗത്ഭരും കാര്യ
ശേഷിയുള്ളവരുമായ
ഉദ്യോഗസ്ഥരായിരിക്കണം. അപേക്ഷകൻ
ഗസറ്റഡ് ഉദ്യോഗസ്ഥനായിരിക്കണം.
അപേക്ഷകന് ഡെപ്യൂട്ടി കളക്ടറുടെ സമാന
തസ്തികയിൽ 8 വർഷത്തിൽ കുറയാത്ത
തുടർസേവനം ഉണ്ടായിരിക്കണം.

സെക്ഷൻ ഓഫീസർ